വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നത്തെ റാട്ടുമായിട്ട് തുല്യനിലയിലാണ് അത് നിൽക്കുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. മാറ്റം വരുത്താനുള്ള പരിശ്രമമാണ് നടത്തുന്നത്.

3 (*259) വൃദ്ധജനങ്ങളുടെ സംരക്ഷണം

ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ഫ്രാൻസീസ് :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബ സംരക്ഷണം ലഭിക്കാത്ത വൃദ്ധരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളും അശരണരുമായ അത്തരക്കാരെ സംരക്ഷിക്കുന്നതിന് പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വാർദ്ധക്യം ബാധിച്ചവരുടെ സംരക്ഷണകാര്യത്തിൽ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വൃദ്ധസദനങ്ങളെന്നപേരിൽ സമ്പന്നരെ മാത്രം ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ആ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും സ്ഥിതി വിവരം ശേഖരിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി തയാറാക്കുന്നതിന് സംവിധാനം ഏർപ്പെടുത്താൻ തയാറാകുമോ എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ,

(എ) അഗതികളായ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) സാധു വൃദ്ധജനങ്ങളുടെ പുനരധിവാസം, പരിപാലനം, സംരക്ഷണം എന്നിവയ്ക്കായി സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റു പതിമൂന്ന് ജില്ലകളിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സന്നദ്ധസംഘടനകൾ നടത്തുന്ന 82 അംഗീകൃത വൃദ്ധസദനങ്ങളിലെ 4920 അന്തേവാസികളുടെ സംരക്ഷണത്തിന് പ്രതിമാസം 100 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) ഇതിനെ സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല.

(എഫ്) സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരത്തുള്ള കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എം.ജി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വൃദ്ധ

LIBRARY ARCHIVES Kerala Legislative Assembly

സദനങ്ങളുടെ പ്രശ്നങ്ങളും അവരുടെ പുനരധിവാസവും സംബന്ധിച്ച ഒരു ദേശീയ വൃദ്ധനയം രൂപീകരിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : സംസ്ഥാനത്തിലെ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നുവെന്ന് ഉത്തരത്തിൽനിന്നുതന്നെ മനസ്സിലാക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഈ സംസ്ഥാനത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള വൃദ്ധസദനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമോ? അതുപോലെ ഇതിന് അനുവദിച്ചിരുന്ന തുകയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പുതുതായി വൃദ്ധ സദനങ്ങൾ തുടങ്ങുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ഇപ്പോൾ പല സ്ഥലങ്ങളിലും തദ്ദേശഭരണസ്ഥാപനങ്ങൾ വൃദ്ധസദനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. 90 ശതമാനം ഗ്രാന്റ് കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്നതാണ്.

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : ഇപ്പോൾ സംസ്ഥാനത്ത് മക്കൾതന്നെ പീഡിപ്പിക്കുന്നുവെന്ന് പറഞ്ഞ് ഒട്ടേറെ കേസുകൾ പോലീസ് സ്റ്റേഷനുകളിൽ വരുന്നുണ്ട്. ഇത്തരം കേസുകളിൽ അടിയന്തിരമായ കർക്കശമായ നിർദ്ദേശം പോലീസ് തലത്തിൽ നൽകുന്നതിന് ഗവൺമെന്റ് തയാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അങ്ങനെ പ്രത്യേകിച്ചും കുടുംബപരമായ പ്രശ്നങ്ങളാകുമ്പോൾ ആ കാര്യത്തിൽ ഈ രീതിയിൽ ഇടപെടുന്നത് വിഷമമായിരിക്കും. അതുപോലുള്ള എന്തെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ വനിതാ കമ്മീഷനെപ്പോലുള്ള ആളുകൾ സ്ത്രീകളുടെ കാര്യത്തിൽ ഇടപെടാറുണ്ട്. മറ്റുവിധത്തിലും പരാതിവന്നാൽ പോലീസിന് ഇടപെടാൻ കഴിയും. അതല്ലെങ്കിൽ ഇടപെടുന്ന കാര്യം വിഷമമായിരിക്കും.

<u>ശ്രീ. ബി. വിജയകുമാർ</u> : നമ്മുടെ കുടുംബങ്ങൾ ന്യൂക്ലിയർ കുടുംബങ്ങളായി മാറിയതിനെത്തുടർന്നാണ് വൃദ്ധസദനങ്ങൾ കൂടുതലായി വരുന്നത്. കുട്ടികളുടെ പഠിത്തത്തിൽ ശ്രദ്ധിക്കാൻ മാത്രമേ നമ്മുടെ കുടുംബങ്ങൾക്ക് കഴിയുന്നുള്ളൂ. അങ്ങനെയുള്ള വീടുകളിൽ പ്രായമായ അച്ഛനും അമ്മയുമുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളാൻ കഴിയാത്തതിന്റെ ഫലമായിട്ട് അവരുടെ മാനസികാവസ്ഥകൂടി വരുമ്പോൾ ഇത് തമ്മിൽ യോജിച്ചുപോകുന്നില്ല. അതുകൊണ്ട് സമ്പന്നൻമാർക്ക് ധാരാളം വൃദ്ധസദനങ്ങളുണ്ട്. ഗവൺമെന്റിന്റെ നാമമാത്രമായ വൃദ്ധസദനങ്ങളുമുണ്ട്. അപ്പോൾ ഇതിന്റെ എണ്ണം കൂടിവരുന്നതിനനുസരിച്ച് ഇവരുടെ സംരക്ഷണത്തിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നാണ് ഇവിടെ മറുപടി പറഞ്ഞത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തയാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : കേന്ദ്ര ഗവൺമെന്റ് തന്നെ ഇതുസംബ്ധിച്ച് ഒരു നിയമനിർമ്മാണം നടത്തുന്നതിന് ആലോചിച്ചുവരുന്നു. അത് വന്നതിനുശേഷം സംസ്ഥാന ഗവൺമെന്റ് ആലോചിക്കാം. ഇപ്പോൾ 82 സ്ഥാപനങ്ങളിലായി ഏതാണ്ട് 4920 ആളുകൾ ഉണ്ട്. അതിൽ നൂറുരൂപ നിരക്കിൽ ഗ്രാന്റും നമ്മൾ കൊടുക്കുന്നുണ്ട്.

<u>ശ്രീ. ബി. വിജയകുമാർ</u> : സ്വകാര്യമേഖലയിൽ തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് മഹാത്മാഗാന്ധി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓൾഡ് ഏജ് ഹോം എന്നുള്ള ഒരു സൊസൈറ്റിയുണ്ട്. അടുത്ത ദിവസം കുറേ സാമൂഹ്യവിരുദ്ധന്മാർ അവിടെ ചെന്ന് മഹാത്മാഗാന്ധി മെമ്മോറിയിൽ ചാരിറ്റബിൾ സൊസൈറ്റി ആന്റ് ഓൾഡ് ഏജ് ഹോം എന്നുള്ളത് ഇ.എം. എസ്. മെമ്മോറിയിൽ ചാരിറ്റബിൾ സൊസൈറ്റി ആന്റ് ഓൾഡ് ഏജ് ഹോം എന്നാക്കണമെന്ന് പറയുകയും ഈ 25-ാം തീയതി അതിന് തയാറാകാത്തതിന്റെ പേരിൽ ആ ഓൾഡ് ഏജ് ഹോം അടിച്ചു തകർക്കുകയും ചെയ്തു. ഞാൻ സദുദ്ദേശത്തോടുകൂടി പറയുകയാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് അതിനെക്കുറിച്ച് അന്വേഷിക്കുകയും ഇത്തരം പീഡനങ്ങളുണ്ടാകാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വല്ല പരാതിയും കിട്ടിയിട്ടുണ്ടോയെന്ന് അറിയില്ല. സാമൂഹ്യക്ഷേമ വകുപ്പിന് ഇതുസംബന്ധിച്ച് യാതൊരു വിവരവും കിട്ടിയിട്ടില്ല.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : അഗതികളായിട്ടുള്ള വൃദ്ധജനങ്ങൾക്കാണ് സാമൂഹ്യക്ഷേമവകുപ്പ് വൃദ്ധസദനങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. സാമ്പത്തികമായി കഴിവുള്ള വൃദ്ധമാതാപിതാക്കൾക്ക്, മക്കളുടെ നേരിട്ടുള്ള സാന്നിദ്ധ്യവും പരിചരണവും കിട്ടാത്തവർക്കുവേണ്ടി ഒരു റിട്രീറ്റ് കേന്ദ്രം സാമൂഹ്യക്ഷേമവകുപ്പ് തുടങ്ങാൻ തയാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സന്നദ്ധസംഘടനകൾ മുന്നോട്ടുവന്നാൽ അവരുടെ സഹായം വേണമോ എന്നുള്ള കാര്യം ആലോചിക്കാം. ചിലർ ആ രീതിയിലുള്ള വൃദ്ധസദനങ്ങൾ നടത്തുന്നുണ്ട്. തൽക്കാലം ഗവൺമെന്റ് മുൻകൈയെടുത്ത് ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, വൃദ്ധസദനങ്ങളുണ്ടാക്കിയെന്ന്, അവർ അഗതികളാണ്, അവർക്ക് സന്തോഷകരമായ സാഹചര്യത്തിൽ ശേഷിച്ചകാലംകഴിക്കുന്നതിനുള്ള സൗകര്യംകൂടി സൃഷ്ടിച്ചുകൊടുക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് തയാറാകുമോ?

<u>ശ്രീമതി സുശീലാഗോപാലൻ</u> : വൃദ്ധസദനങ്ങളിൽ അതിനുള്ള സൗകര്യങ്ങളുണ്ട്. ഇപ്പോൾ എറണാകുളത്ത് സ്വകാര്യമേഖലയിൽ ഒരെണ്ണം തുടങ്ങിയിട്ടുണ്ട്. അത് നല്ലതായി പ്രവർത്തിക്കുന്നുണ്ട്. അവർക്ക്. എല്ലാ സൗകര്യങ്ങളുമുണ്ട്. ഉള്ള വൃദ്ധസദനങ്ങളിലെല്ലാം വേണ്ടത്ര സൗകര്യം കൊടുക്കാനുള്ള പരിശ്രമം നടത്തുന്നുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u> : അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ ഈ സംസ്ഥാനത്ത് 13 ജില്ലകളിലും സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് പറഞ്ഞു. പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഒരു ജില്ലയാണ് പത്തനംതിട്ട ജില്ല. ആ ജില്ലയെ ഇത്തരത്തിൽ പരിഗണിക്കാതിരിക്കുന്നതിന്റെ പ്രത്യേക സാഹചര്യം വല്ലതുമുണ്ടോയെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിന് ഒരു അനുകൂലമായ മറുപടി പറയുമെന്നാണ് വിശ്വസിക്കുന്നത്. പത്തനംതിട്ട ജില്ലയിലും ഒരു വൃദ്ധസദനം പുതുതായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇതുവരെ പത്തനംതിട്ടജില്ലയിൽനിന്നും ഇതുപോലെ ഒരു വലിയ ഡിമാന്റ് വന്നിട്ടില്ല. ഡിമാന്റ് വരികയാണെങ്കിൽ ആ കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ അടൂർ പ്രകാശ് : നമുക്ക് വൈദ്യശാസ്ത്രരംഗത്ത് വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ട്. അതുകൊണ്ട് മരണം സംഭവിക്കുന്നവരുടെ പ്രായം ശരാശരി 60 വയസ്സിനും 70 വയസ്സിനുമിടക്ക് ആയിരുന്നു. പക്ഷേ ഇപ്പോൾ അത് 80 വയസ്സിനും 90 വയസ്സിനും ഇടയ്ക്കായി. അതുകൊണ്ട് വൃദ്ധജനങ്ങളുടെ ക്രമാതീതമായ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരാണ് ഇതുകൊണ്ട് ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നത്. നേരത്തേ ബഹു. മന്ത്രി മറുപടി പറഞ്ഞപ്പോൾ സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരത്തുള്ള കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിലെ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി നിയമസഭയുടെ ഒരു സബ്കമ്മിറ്റിയെ നിയോഗിക്കാൻ തയാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതുസംബന്ധിച്ച് അന്വേഷിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന ഐ.എം.ജി.യുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ആവശ്യമാണെങ്കിൽ ഈ കാര്യം ആലോചിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ് : ഇപ്പോൾ പല സ്ഥലങ്ങളിലും ആരംഭിച്ചിട്ടുള്ള വൃദ്ധസദനങ്ങൾ അവിടത്തെ അന്തേവാസികളെ സംബന്ധിച്ചിടത്തോളം ഒരുതരം ആശുപത്രിയുടെ അന്തരീക്ഷമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇടുങ്ങിയ സ്ഥലം; മറ്റ് സൗകര്യങ്ങളുമില്ല. ഇനി ആരംഭിക്കാനുദ്ദേശിക്കുന്നതും ആരംഭിക്കാൻ അനുവാദം കൊടുക്കുമ്പോൾ നഗരങ്ങളിൽനിന്നും അകലെ അന്തേവാസികളായിട്ടുള്ള വൃദ്ധജനങ്ങൾക്ക് മാനസികമായ സന്തോഷം പകരാൻ കഴിയുന്നവിധത്തിൽ, അത്യാവശ്യം കൃഷിയും മറ്റുമൊക്കെയായി ബന്ധപ്പെടാനും അവരുടെ കഴിവ് പ്രോൽസാഹിപ്പിക്കാനുമിടയുള്ള അത്തരം സൗകര്യങ്ങളോടുകൂടിയ, വൃദ്ധസദനങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനുവാദം മാത്രമേ നൽകൂവെന്ന് ഗവൺമെന്റ് തീരുമാനിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതു സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി ഐ.എം.ജി. യുടെ റിപ്പോർട്ട് സമർപ്പിക്കാൻ പറഞ്ഞു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ പരിശോധിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. എ.കെ. ആന്റണി : വാർദ്ധക്യം ബാധിച്ചവരുടെ സംരക്ഷണം സംബന്ധിച്ച് ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്നുള്ള ചോദ്യത്തിന് ഇന്ത്യാ ഗവൺമെന്റ് തന്നെ അങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായി കേട്ടു, അതിനുശേഷം നമുക്ക് ആലോചിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇന്ത്യാ ഗവൺമെന്റിന്റെ നിയമനിർമ്മാണം എപ്പോഴുമുണ്ടാകുമെന്ന് ആർക്കും പറയാൻ കഴിയുകയില്ല. കേരളത്തിൽ ഇതിനുമുമ്പ് സാമൂഹ്യക്ഷേമരംഗത്ത് അതുപോലെ പുരോഗമനപരമായ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള ഒരു പാട് കാൽവയ്പുകൾ നടത്തിയിട്ടുള്ളത് കേരളമാണ്. അതുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നിയമം കൊണ്ടുവരുന്നതിന് കാത്തിരിക്കാതെ കേരളത്തിലെ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ച് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള ഒരു പുതിയ നിയമം കേരളത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീമതി. സുശീലാ ഗോപാലൻ : അത് ആലോചിക്കാം. ഇതുസംബന്ധിച്ച് നമ്മുടെ അഭിപ്രായങ്ങളെല്ലാം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നിയമനിർമ്മാണം വരുമെന്നുള്ള ധാരണയിലാണ്. എന്തായാലും ഇതുസംബന്ധിച്ച് ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എൻ. അനിരുദ്ധൻ : വൃദ്ധസദനം എന്ന പേര് വാർദ്ധക്യം ബാധിച്ചവരെ സംബന്ധിച്ചിടത്തോളം മനസ്സിന് പ്രയാസമുണ്ടാക്കുന്നതാണ്. അതുകൊണ്ട് വൃദ്ധസദനം എന്നുള്ളതിനു പകരം സ്നേഹസദനം എന്ന് ഈ സ്ഥാപനങ്ങൾക്ക് പേര് കൊടുക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അത് നല്ല നിർദ്ദേശമാണ്. ഇതു സംബന്ധിച്ച് ആലോചിക്കാമെങ്കിലും ഇന്ന് വൃദ്ധസദനം എന്ന പേരിലാണ് ഇന്ത്യയിലാകെ ഈ സ്ഥാപനങ്ങൾ അറിയപ്പെടുന്നത്. നമുക്ക് പുതിയ മാറ്റങ്ങൾ നിയമം കൊണ്ടുവരുമ്പോൾ ആലോചിക്കാം.

ശ്രീ. സി.എഫ്. തോമസ് : ഗവൺമെന്റ് ഇപ്പോൾ കാര്യമായിട്ട് ഈ രംഗത്ത് സ്ഥാപിക്കാൻ തുടങ്ങിയിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 90% ഗ്രാന്റ് കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടുന്നുണ്ട്. ഇതൊന്ന് വ്യാപകമാക്കാൻ ജനകീയാസൂത്രണപദ്ധതിയിൽതന്നെ നമ്മുടെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ഈ സ്കീമിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ തന്നെ ബ്ളോക്ക് പഞ്ചായത്തുകൾ മുൻകൈ എടുത്ത് ഇത് തുടങ്ങുന്നുണ്ട്. അതിൽ കൂടുതൽ തുടങ്ങുന്നതിനാവശ്യമായിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങളും അതിനുള്ള കാര്യങ്ങളും നമുക്ക് അവർക്ക് കൊടുക്കാൻ കഴിയും.

ശ്രീ. ലോനപ്പൻ നമ്പാടൻ : വൃദ്ധസദനങ്ങളിലേയും അനാഥാലയങ്ങളിലേയും അന്തേവാസികൾക്ക് ഇപ്പോൾ മാസംതോറും 100 രൂപയാണ്. സർക്കാർ സമ്പത്തികസഹായം നൽകുന്നത്. വർദ്ധിച്ചുവന്നിട്ടുള്ള ചെലവിന്റെ അടിസ്ഥാനത്തിൽ ഈ സഹായം വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ കാര്യം ആലോചിക്കാൻ കഴിയുകയുള്ളൂ. നിരവധി വിഭാഗങ്ങൾക്ക് ഇത്തരത്തിലുള്ള ഗ്രാന്റും മറ്റ് കാര്യങ്ങളും നൽകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ലഭ്യതയനുസരിച്ച് ഇക്കാര്യം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കാൻ കഴിയും.

ശ്രീ. ജി. കാർത്തികേയൻ : ബാല്യംപോലെ തന്നെ ശ്രദ്ധവേണ്ട ഒരു കാലമാണ് വാർദ്ധക്യം; ഒരു പക്ഷെ അതിനെക്കാൾ കൂടുതൽ, ബാല്യകാലത്ത് നമ്മുടെ വീട്ടിൽ കുടുംബനാഥന്മാർ അച്ഛനും അമ്മയും ഉണ്ടാകും. ബഹു. പ്രതിപക്ഷനേതാവു പറഞ്ഞതുപോലെ കേരളം ധാരാളം സാമൂഹ്യ ക്ഷേമപരിപാടികൾക്ക് രൂപം കൊടുത്ത് നിയമനിർമ്മാണം നടത്തിയ സ്റ്റേറ്റാണ്. സ്വാതന്ത്ര്യം കിട്ടി അര നൂറ്റാണ്ട് കഴിഞ്ഞിട്ടും ഈ വൃദ്ധജനങ്ങളുടെ കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ ഭാരതത്തിന് കഴിഞ്ഞില്ലെന്നുള്ളത് നമുക്ക് അപമാനകരമാണ്. ഇതിന് ഒരു മൈൻഡ് അപ്ലൈ ചെയ്യേണ്ടത് പൊളിറ്റിക്കൽ ലീഡർഷിപ്പാണ്. രാഷ്ട്രീയ നേതൃത്വമാണല്ലോ ഇന്ത്യയിൽ അധികാരത്തിൽ വരുന്നത്. രാഷ്ട്രീയത്തിൽ റിട്ടയർമെന്റ് ഇല്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടും വാർധക്യമായാൽ പ്രൊട്ടക്ഷൻ കിട്ടുമെന്നുള്ള ഫീലിംഗ് ഉള്ളതു കൊണ്ടുമാണോ ഇത്തരം നിയമനിർമ്മാണത്തിന് മനസ്സ് അപ്ളൈ ചെയ്യേണ്ട യെന്നുള്ളതുകൊണ്ടാണോ ഇത്തരം നിയമനിർമ്മാണം നടത്താതിരിക്കുന്നത്? ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുവ രുന്നതിന് ധൃതഗതിയിൽ നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുസംബ ന്ധിച്ച് നമ്മൾ അങ്ങോട്ട് വിവരം അറിയിച്ചിട്ടുണ്ട്. എങ്കിലും നമുക്ക് ഒരു പുതിയ നിയമം കൊണ്ടുവരുന്ന കാര്യം ആലോചിക്കാം. പ്രത്യേക ധാരണ യുടെ അടിസ്ഥാനത്തിലല്ല.

4 (*260) ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലകളിൽ താമസിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്ന തിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ;

(സി) പ്രകൃതിക്ഷോഭമുണ്ടായാൽ അത് നേരിടുന്നതിനും ഇരയാ വുന്നവർക്ക് അടിയന്തിര സഹായവും ആശ്വാസവും എത്തിക്കുന്നതിനും ജില്ലാ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടു ത്തുമോ;

(ഡി) കാലവർഷക്കാലത്ത് പ്രകൃതിക്ഷോഭം നേരിടുന്നതിന് പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

റവന്യൂവകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കാലവർഷക്കാലത്ത് പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേ ശങ്ങൾ കണ്ടെത്തി മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സർക്കാർ ആവ ശ്യപ്പെട്ടിട്ടുള്ളതിൻപ്രകാരം ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റ് ധനസഹായം നൽകി, നിയോഗിച്ചതിൻപ്രകാരം തിരുവനന്തപുരത്തെ 'സെസ്' എന്ന സ്ഥാപനം കോട്ടയം, ഇടുക്കി ജില്ലക ളിൽപ്പെടുന്ന പശ്ചിമഘട്ടത്തിലെ 750 ച.കി.മീ. പ്രദേശത്ത് ഉരുൾപൊട്ടലുകളെ ക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിനും കേന്ദ്രഗ വൺമെന്റിനും സമർപ്പിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിലെ ശുപാർശകളിന്മേൽ മേൽനടപടി സ്വീകരിക്കാൻ അതാതു ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ 360 ച.കി.മീ സ്ഥലത്തെ ഇടമൺ, ആര്യങ്കാവ്, തെന്മല എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന ഉരുൾപൊട്ടൽ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളെപ്പറ്റി പഠിക്കുന്നതിനായി 1999 മാർച്ച് മാസം 1.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അതിവർഷമുണ്ടാകുമ്പോൾ മുന്നറിയിപ്പ് നൽകുന്നതു കൂടാതെ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പതിവും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly